കേരളസർവകലാശാല

നം.പി.ആർ.127/2023 തിരുവനന്തപുരം, തീയതി:24/06/2023

# പത്രക്കുറിപ്പ്

## കേരള സർവകലാശാല: ഒന്നാം വർഷ ബിരുദ പ്രവേശനം 2023 ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

കേരള സർവകലാശാലയുടെ 2023–24 അധ്യയന വർഷത്തിലെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് https://admissions.keralauniversity.ac.in/ug2023 എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് അപേക്ഷാ നമ്പറും പാസ്സ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ചവർ നിശ്ചിത സർവകലാശാല ഫീസ് (ഫീസ് വിശദാംശങ്ങൾ വെബ്സൈറ്റിൽ) ജൂൺ 28 വരെ ഓൺലൈനായി ഒടുക്കി അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതും ഫീസ് ്യമിമെരശേീ ടൗരരലലൈ എന്ന് രേഖപ്പെടുത്തിയിട്ടുള്ള രസീതിന്റെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതുമാണ്. മേൽ പറഞ്ഞ രീതിയിൽ സർവകലാശാല ഫീസ് ഒടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ തുടർന്ന് വരുന്ന രണ്ടും മൂന്നും അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതുമല്ല. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ അവർക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിൽ പോലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കപ്പെടുന്നതിലേക്കായി സർവകലാശാല ഫീസ് അടയ്ക്കേതാണ്. ഈ ഘട്ടത്തിൽ പ്രവേശനത്തിനായി കോളേജിൽ ഹാജരാകേണ്ടതില്ല.

വിദ്യാർത്ഥികൾ ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ സർവകലാശാല ഫീസ് ഒടുക്കി അലോട്ട്മെന്റ് ഉറപ്പാക്കിയ ശേഷം ഹയർ ഓപ്ഷനുകൾ (അലോട്ട്മെന്റ് കിട്ടിയ ഓപ്ഷന് മുകളിലുള്ളവ) ജൂൺ 28 ന് മുൻപായി നീക്കം ചെയ്യേണ്ടതാണ്. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന അപേക്ഷകരെ അടുത്ത അലോട്ട്മെന്റിൽ പ്രസ്തുത ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കുകയും അപ്രകാരം ലഭിക്കുന്ന സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ പഠനകേന്ദ്രം 2022 നവംബറിൽ നടത്തിയ മൂന്ന്, നാല് സെമസ്റ്റർ എം.എസ്സി. കമ്പ്യൂട്ടർ സയൻസ് (റെഗുലർ – 2020 അഡ്മിഷൻ, സപ്ലിമെന്ററി – 2018 & 2019 അഡ്മിഷൻ, മേഴ്സിചാൻസ് – 2017 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും 2023 ജൂലൈ 3 വരെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി.(റെഗുലർ – 2020 അഡ്മിഷൻ), 2020 സ്കീം, (സപ്ലിമെന്ററി – 2017 - 2019 അഡ്മിഷൻ), 2011 സ്കീം (മേഴ്സിചാൻസ് – 2011 – 2016 അഡ്മിഷൻ) പരീക്ഷാഫലം പ്രസി

ദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും 2023 ജൂലൈ 3 വരെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 സെപ്റ്റംബറിൽ നടത്തിയ രണ്ട്, നാല്, ആറ്, എട്ട്, പത്ത് സെമസ്റ്റർ പഞ്ചവത്സര എം.ബി.എ. (ഇന്റഗ്രേറ്റഡ്) (2015 സ്കീം – റെഗുലർ ആന്റ് സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ജൂലൈ 6 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രൊവിഷണൽ റാങ്ക്ലിസ്റ്റ്

കേരളസർവകലാശാല നടത്തിയ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി./ബി.കോം.എൽ.എൽ.ബി./ബി.ബി.എ.എൽ.എൽ.ബി. 2018 – 2023 ബാച്ചിന്റെ പ്രൊവിഷണൽ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ/പുതുക്കിയ ടൈംടേബിൾ

കേരളസർവകലാശാല 2023 ജൂലൈ 6 ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ പഞ്ചവത്സര എം.ബി.എ. (ഇന്റഗ്രേറ്റഡ്) (റെഗുലർ & സപ്ലിമെന്ററി – 2015 സ്കീം) പരീക്ഷാ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ പഠനകേന്ദ്രം 2023 ഏപ്രിലിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.ബി.എ. (മേഴ്സിചാൻസ് –2009സ്കീം/2010 - 2014 അഡ്മിഷൻ) പരീക്ഷയുടെ ഇലക്റ്റീവ് പേപ്പർ ഹ്യൂമൻ റിസോഴ്സ് സ്ട്രീം – പേപ്പർ II പരീക്ഷ 2023 ജൂൺ 30 ന് നടത്തുന്നു. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2023 മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എ. (മ്യൂസിക്) പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 3, 4, 5 തീയതികളിൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷാഫീസ്

കേരളസർവകലാശാല 2023 ആഗസ്റ്റ് 17 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.വി.എ. (പെയിന്റിംഗ്) ആഗസ്റ്റ് 2023 പരീക്ഷയ്ക്ക് പിഴകൂടാതെ ജൂൺ 29 വരെയും 150 രൂപ പിഴയോടെ ജൂലൈ 3 വരെയും 400 രൂപ പിഴയോടെ ജൂലൈ 5 വരെയും അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ജൂലൈയിൽ ആരംഭിക്കുന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (മേഴ്സിചാൻസ് – 2014 – 2017 അഡ്മിഷൻ) പരീക്ഷയുടെ രജിസ്ട്രേഷൻ ആരംഭിച്ചു. 150 രൂപ പിഴയോടെ ജൂൺ 24 വരെയും 400 രൂപ പിഴയോടെ ജൂൺ 27 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:**For queries**helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**